(സി) പ്രസ്തുത മരണങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) കസ്റ്റഡിമരണങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 13 കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. വാർഷിക-ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി -ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബ്ലാക്ക്മെയിലിംഗ് കേസിന്റെ അന്വേഷണ പുരോഗതി

173 (4508) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റുക്സാന, ബിന്ധ്യാസ് എന്നീ സ്ത്രീകൾ പ്രതികളായ ബ്ലാക്ക്മെയിലിംഗ് കേസിന്റെ അന്വേഷണ പുരോഗതി എന്തെന്നും ഈ കേസുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ കേസിന്റെ അന്വേഷണ പുരോഗതിയുടെ വിശദാംശങ്ങളും ഈ കേസിൽ എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും ഈ പ്രതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ അറസ്റ്റു ചെയ്യപ്പെട്ട പ്രതികളിൽ രാഷ്ട്രീയ ബന്ധമുള്ള ഏതെങ്കിലും വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) റുക്സാന, ബിന്ധ്യാസ് എന്നീ സ്ത്രീകൾ പ്രതികളായി ഉൾപ്പെട്ടിട്ടുള്ള 3 ബ്ലാക്ക് മെയിലിംഗ് കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം, വെഞ്ഞാറമൂട് പി.എസ്.ക്രൈം നമ്പർ 1061/14-5 പ്രതികൾ.
2. കൊല്ലം കിളികൊല്ലൂർ പി.എസ്. ക്രൈം നമ്പർ 1223/14-2 പ്രതികൾ.
3. കൊച്ചി സിറ്റി പാലാരിവട്ടം പി.എസ്. ക്രൈം. 999/14-5 പ്രതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത 3 കേസുകളിൽ ഒരെണ്ണം അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് (കിളികൊല്ലൂർ പി.എസ്. ക്രൈം നമ്പർ 1223/14) ബാക്കി 2 കേസുകളിലും അന്വേഷണം തുടർന്ന് വരുകയാണ്. ടി കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസുകളിലെ പ്രതികളെല്ലാം കോടതിയിൽ നിന്നും ജാമ്യം നേടിയിട്ടുണ്ട്.

(സി) ടി കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം വെളിവായിട്ടില്ല.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

174 (4509) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ-സി) 24-2-2014-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 37/2014/ ആഭ്യന്തരം പ്രകാരം നിലവിൽ വന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീമനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി* ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ഈ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷത്തിൽ 1000 രൂപ 'Token provision' അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി സ്കീമിന്റെ നിയന്ത്രണവും, ഭരണവും ഒപ്പം പുരോഗതി വിലയിരുത്തലും നടത്തുന്നതിന് ആഭ്യന്തരവകുപ്പിനെയാണ് Nodal Department ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary Kerala State Legal Services Authority'-ക്കാണ് നൽകിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly